മാതൃഭൂമി
യഥാർത്ഥ പത്രത്തിന്റെ ശക്തി
Mathrubhumi

# ഭൗമദിനം ആചരിച്ചു

**കോയമ്പത്തൂർ ▸** ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫോറസ്റ്റ് ജനറ്റിക്സ് ആൻഡ് ട്രീ ബ്രീഡിങ്ങിലെ 'എൻവിസ്' കേന്ദ്രത്തിൽ ഭൗമദിനം ആചരിച്ചു. റിസർച്ച് കോ-ഓർഡിനേറ്റർ ഡോ. ആർ. യശോദ ഉദ്ഘാടനംചെയ്തു. 'എൻവിസ്' മേധാവി ഡോ. കണ്ണൻ വാര്യർ മുഖ്യപ്രഭാഷണം നടത്തി. മനുഷ്യനാഗരികതയുടെ ആരംഭംമുതൽ ഇതുവരെ 46 ശതമാനം മരങ്ങൾ വെട്ടിക്കഴിഞ്ഞതായി ഡോ. കണ്ണൻ വാര്യർ പറഞ്ഞു. വർഷം 1500 കോടി മരങ്ങൾ ആഗോളതലത്തിൽ നഷ്ടപ്പെടുന്നു. ഒരുദശലക്ഷം സസ്യ-ജന്തുവർഗങ്ങൾ വംശനാശഭീഷണിയിലാണെന്നും അദ്ദേഹം പറഞ്ഞു. വിദ്യാർഥികൾക്കായി ചിത്രരചനാ മത്സരം നടത്തി. ബോധവത്കരണ പോസ്റ്ററും പ്രകാശനം ചെയ്തു.

22. News in Mathrubhumi, Palakkad, 23.04.2023, Observance of Earth Day by ICFRE- IFGTB EIACP.